# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3544** **20.06.2019-ൽ മറുപടിക്ക്**

**വായ്പ-ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൊള്ളപ്പലിശയുമായി ബന്ധപ്പെട്ട മൂന്ന് ക്രിമിനൽ കേസുകളിൽ കൂടുതൽ ഉൾപ്പെട്ടവർക്കെതിരെ ഗുണ്ടാ നിയമമനുസരിച്ച് നടപടിയെടുക്കുന്നതിന് ഇപ്പോൾ നിയമപരിരക്ഷ ഉണ്ടോ എന്നറിയിക്കാമോ; | (എ) 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വകുപ്പ് 2(ക്യൂ) പ്രകാരം "കൊള്ളപ്പലിശക്കാരൻ" ആരാണെന്നതും 2(ജെ)യിൽ 'ഗുണ്ട' എന്നാൽ എന്താണെന്നും നിർവ്വചിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം വകുപ്പ് 2(o) പ്രകാരം 'അറിയപ്പെടുന്ന ഗുണ്ട' ആയി കണക്കാക്കി ഇവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നിയമ പരിരക്ഷ ഉണ്ട്. |
| (ബി)മണി ലെൻഡേഴ്സ് ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന എല്ലാ പണമിടപാട് സ്ഥാപനങ്ങൾക്കുമെതിരെയും നടപടികൾ തുടങ്ങിവെച്ച ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഇപ്പോൾ ദുർബലമാണോ; | (ബി) മണി ലെൻഡേഴ്സ് ആക്ടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന എല്ലാ പണമിടപാട് സ്ഥാപനങ്ങൾക്കെതിരെയും നടപടികൾ തുടങ്ങിവെച്ച പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഇപ്പോഴും ശക്തമായി തുടർന്ന് വരുന്നു. |
| (സി)വായ്പാ മാഫിയയുടെ പിടിയിൽപെട്ട് എറണാകുളത്ത് മാത്രം 38 കുടുംബങ്ങൾക്ക് കിടപ്പാടം നഷ്ടമായ കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (സി) വായ്പ മാഫിയയുടെ പിടിയിൽ അകപ്പെട്ട് കിടപ്പാടം നഷ്ടപ്പെട്ട കേസുകളൊന്നും എറണാകുളം ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ സർഫാസി നിയമത്തിന്റെ |

മറവിൽ നടക്കുന്ന വായ്പാ തട്ടിപ്പുമായി ബന്ധപ്പെട്ട് 17 കുടുംബങ്ങൾ ജില്ലയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത കുടുംബങ്ങൾ നാളിതുവരെ കുടിയൊഴിപ്പിക്കപ്പെട്ടിട്ടില്ല.

| | |
|---|---|
| (ഡി) എങ്കിൽ വായ്പ-ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വ്യക്തമാക്കുമോ? | (ഡി) വായ്പ-ബ്ലേഡ് മാഫിയയുടെ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ നിലവിലെ നിയമങ്ങളിലെ വിവിധ വകുപ്പുകൾ പ്രകാരം ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തുകയും കൊള്ളപ്പലിശക്കാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് ഷാഡോ പോലീസിന്റെയും, ജില്ലാ സ്പെഷ്യൽ ബ്രാഞ്ചുകളുടെയും സേവനം സ്വീകരിച്ചു വരുന്നു. കൊള്ളപ്പലിശക്കാരുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ അത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് നിരന്തരം റെയ്ഡുകൾ നടത്തി തെളിവുകൾ ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ Kerala Money Lenders Act, Kerala Prohibition of Charging Exorbitant Interest Act എന്നിവയിലെ വകുപ്പുകൾ പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്യുകയും അന്വേഷണം നടത്തി കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ലഭിക്കുന്നതിനുതകുന്നവിധം സമയബന്ധിതമായി കുറ്റപത്രം കോടതികളിൽ സമർപ്പിച്ചും വരുന്നു. |

**സെക്ഷൻ ഓഫീസർ**